അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

നവംബർ 14 ചൊവ്വ 2023

Volume: 03, Issue:15

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

പഴുക്കാതെ 'അയ്യൻകുന്ന് മാംഗോസ്'

10 ലക്ഷം രൂപ മുതൽ മുടക്കിയ പദ്ധതി അവഗണിക്കപ്പെട്ട നിലയിൽ

ഉപേക്ഷിച്ച നെയിംബോർഡ്

ബാധ്യതയായി മാംഗോ ചേംബർ

കാടുകയറിയ ജനറേറ്റർ

ജോമോൾ ജോർജ്ജ്

അങ്ങാടിക്കടവ് : വിഷരഹിതമായി ജൈവരീതിയിൽ മാങ്ങ പഴുപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തും അയ്യൻകുന്ന് കൃഷിഭവനും എ.ടി.എം.എ (അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി) പദ്ധതിയുടെ കീഴിൽ സംയുക്തമായി ആരംഭിച്ച മാങ്ങ പഴുപ്പിക്കുന്ന ഇരിട്ടി ബ്ലോക്ക് തല കേന്ദ്രം ഫലം കാണാതെ ഉപേക്ഷിച്ച നിലയിൽ.

പൊതുസമൂഹത്തിന്റെ നന്മയും ആരോഗ്യവും ലക്ഷ്യംവച്ച് ഏകദേശം പത്തു ലക്ഷം രൂപ മുതൽ മുടക്കിൽ ചരൾ-പറക്കണശ്ശേരി കവലയിൽ 2016-2017 കാലയളവിലാണ് ജൈവരീതിയിൽ മാങ്ങ പഴുപ്പിക്കുന്ന ഇരിട്ടി ബ്ലോക്ക് തല കേന്ദ്രം എന്ന പേരിൽ പദ്ധതി ആരംഭിച്ചത്.

അന്നത്തെ കേരള സംസ്ഥാന കാർഷികമന്ത്രി ആയിരുന്ന വി.എസ്.സുനിൽ കുമാർ ഉദ്ഘാടനം ചെയ്ത പദ്ധതി കാർഷിക മേഖലയിൽ, പ്രത്യേകിച്ച് മാങ്ങാ കർഷകർക്ക് വലിയ ഒരു കൈത്താങ്ങ് ആയിരുന്നു. സമൂഹത്തിന്റെ നന്മയ്ക്ക് ഏറെ ഉപകരിക്കുന്ന പദ്ധതിയായതിനാൽ ചരൾ സ്വദേശി ജോസഫ് പുളിച്ചുമാക്കൽ സൗജന്യമായി നൽകിയ വീട്ടിലാണ് ഇതിനാവശ്യമായ വലിയ ചേംബർ സ്ഥാപിച്ചിരിക്കുന്നത്.

കഴുകി വൃത്തിയാക്കിയ മാങ്ങ, ബോക്സുകളിലാക്കി നിശ്ചിത അളവിൽ എഥിലീൻ വാതകം കടത്തിവിട്ടാണ് മാങ്ങ പഴുപ്പിക്കുന്നത്. നാൽപത്തിയാറ് മണിക്കൂറുകൾ കൊണ്ട് എട്ട് കിന്റലോളം മാങ്ങ പഴുപ്പിക്കാൻ കഴിയുന്ന ഈ സംരംഭം ആകെ രണ്ട് തവണ മാത്രമാണ് പ്രവർത്തിപ്പിക്കപ്പെട്ടിട്ടുള്ളത്. പദ്ധതിയുടെ സുസ്ഥിരമായ പ്രവർത്തനത്തിനായി ഒമ്പത് അംഗ കമ്മിറ്റി രൂപീകരിക്കപ്പെട്ടിരുന്നു.

ഉയർന്ന അളവിൽ വൈദ്യുതി ലഭിച്ചാൽ മാത്രമാണ് നാൽപത്തിയാറ് മണിക്കൂർ തുടർച്ചയായി ഈ മെഷീനുകൾ പ്രവർത്തിക്കുകയുള്ളു. മെഷീനുകളുടെ പ്രവർത്തനത്തിന് വേണ്ട വോൾട്ടേജ് ലഭിക്കാതെ വന്നപ്പോൾ ജനറേറ്റർ ഉപയോഗിച്ച് മെഷീനുകൾ പ്രവർത്തിപ്പിച്ചു തുടങ്ങി. എന്നാൽ ചിലവേറിയ ജനറേറ്റർ ഉപയോഗം വൻ ബാധ്യതയായി മാറിയതിനാൽ ജൈവരീതിയിൽ മാങ്ങ പഴുപ്പിക്കുന്ന പദ്ധതി ക്രമേണ ഉപേക്ഷിച്ചു തുടങ്ങി. നൂതന-സാങ്കേതിക വിദ്യയായി, പ്രതീക്ഷയോടെ കണ്ടിരുന്ന ഈ സ്ഥലത്ത്, റോഡരുകിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ നെയിംബോർഡും ഉപയോഗശൂന്യമായി പൂട്ടിയിട്ടിരിക്കുന്ന മെഷീനുകളും ജനറേറ്ററുമാണ് കാണാനാകുന്നത്.

'നാലര വർഷത്തോളമായി ഈ സംരംഭത്തിന്റെ പ്രവർത്തനം നിലച്ചിരിക്കുന്നതിനാൽ ഇടിഞ്ഞു വീഴാറായ വീടിന്റെ അറ്റകുറ്റപണികൾ പോലും നടത്താൻ കഴിയാതെ വിഷമിക്കുകയാണ്. വീട്ടിൽ നിന്ന് ഇത് ഒഴിവാക്കിത്തരണം എന്ന് പഞ്ചായത്ത്, കൃഷിഭവൻ, എന്നിവിടങ്ങളിൽ നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഒരു മറുപടിയും നടപടിയും ഉണ്ടായിട്ടില്ല'. ജോസഫ് പുളിച്ചുമാക്കൽ പറഞ്ഞു.

'ഗവൺമെന്റ് ഫണ്ട് ചെയ്ത പദ്ധതി ആയതിനാൽ മികച്ച പ്രവർത്തനം ഉറപ്പാക്കേണ്ടത് ജില്ലാതല എ.ടി.എം.എ യുടെ ഉത്തരവാദിത്വമാണ്. ആയതിനാൽ ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്നും അന്വേഷണം ഉണ്ടായിരിക്കും'. എ.ടി.എം.എ ഡെപ്യൂട്ടി ഡയറക്ടർ സുരേന്ദ്രൻ പറഞ്ഞു.

എ.ടി.എം.എ

കർഷകർക്ക് വിപുലീകരണ സേവനങ്ങൾ വിതരണം ചെയ്യുന്നതിനായി ജില്ലാ തലത്തിൽ രൂപീകരിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് എ.ടി.എം.എ.(അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി) ജില്ലാതലത്തിൽ സാങ്കേതിക വിദ്യ വ്യാപിപ്പിക്കുന്നതിന് ഉത്തരവാദിത്വമുള്ള രജിസ്റ്റർ ചെയ്ത സൊസൈറ്റി ആണിത്.
കാർഷിക മേഖലയിലെ പുതിയ കണ്ടുപിടുത്തങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് നടത്തുന്ന ബോധവൽക്കരണ സ്കീമിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്നാണ് ഫണ്ട് അനുവദിച്ചു നൽകുന്നത്.

സ്പ്രിന്റ് ഹർഡിൽസിൽ പൊൻതിളക്കം

പ്രിൻസ് ജോസഫ്

അങ്ങാടിക്കടവ്: കോയമ്പത്തൂരിൽ നടന്ന 38-ാമത് ദേശീയ ജൂനിയർ അത്‌ലറ്റിക് മീറ്റിൽ സ്വർണ്ണം നേടി അങ്ങാടിക്കടവ് സ്വദേശി ആൻ ട്രീസ മാത്യു. പെൺകുട്ടികളുടെ 100 മീറ്റർ ഹർഡിൽസിൽ സ്വർണ്ണം നേടിയ ആൻ ട്രീസയാണ് മീറ്റിൽ കേരളത്തിന്റെ ഏക സ്വർണമെഡൽ ജേതാവ്.

2020 സംസ്ഥാന സ്കൂൾ മീറ്റിൽ 100 മീറ്റർ ഹർഡിൽസിൽ കോട്ടയം ജില്ലക്കായി സ്വർണം നേടിയിരുന്ന ആൻ ട്രീസ ഈ വർഷം സീനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ 100, 400 മീറ്റർ ഹർഡിൽസിൽ വെള്ളി നേടിയിരുന്നു. അടുത്ത മാസം നടക്കുന്ന ദേശീയ സ്കൂൾ കായിക മേളയിൽ പങ്കെടുക്കാൻ ആൻ ട്രീസ യോഗ്യത നേടുകയും ചെയ്തു.

കായിക രംഗത്ത് മാത്രമല്ല പഠന രംഗത്തും മിടുക്കിയാണ് ആൻ ട്രീസ. പത്താം ക്ലാസ്സിൽ ഫുൾ എ പ്ലസ് കരസ്ഥമാക്കിയ ആൻ ട്രീസ കോട്ടയം ഭരണങ്ങാനം സെന്റ് മേരീസ് ഹയർസെക്കന്ററി സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥിനിയാണ്.

'അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂളിൽ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് കായികരംഗത്തേക്ക് എത്തുന്നത്. ഇതുവരെ നിരവധി നേട്ടങ്ങൾ കരസ്ഥമാക്കിയിട്ടുണ്ടെങ്കിലും സാമ്പത്തികം പലപ്പോഴും പ്രതിബന്ധമാകാറുണ്ട്. പരിശീലനത്തിനും മറ്റും വേണ്ട സഹായങ്ങളോ സ്പോൺസർഷിപ്പോ ലഭിക്കാത്തതിനാൽ കായിക മേഖലയിൽ താൽപര്യമുള്ള മറ്റു മക്കൾക്കുകൂടി അവസരങ്ങൾ നൽകാൻ സാധിക്കുന്നില്ല'. ട്രീസയുടെ പിതാവ് പുനവേലിൽ ബിജു പറഞ്ഞു.

സ്വർണ്ണ മെഡലുമായി ആൻ ട്രീസ പുനവേലിൽ

ഉപജില്ലാ കലോത്സവം കൊടിയിറങ്ങി

മിന്നും നേട്ടവുമായി സേക്രഡ് ഹാർട്ട് സ്കൂൾ അങ്ങാടിക്കടവ്

അപർണ രമേശ്

ഇരിട്ടി ഉപജില്ലാ കലോത്സവത്തിന് കുന്നോത്ത് സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂളിൽ കൊടിയിറങ്ങി. എൺപത്തഞ്ചോളം സ്കൂളുകൾ പങ്കെടുത്ത കലോത്സവത്തിൽ അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂൾ അഭിമാനനേട്ടം സ്വന്തമാക്കി.

ഒക്ടോബർ 30 മുതൽ നവംബർ 2 വരെ നടന്ന കലോത്സവത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ എടൂർ സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ ഒന്നാം സ്ഥാനത്തെത്തിയപ്പോൾ അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി. തുടർച്ചയായ 5-ാം തവണയാണ് സ്കൂൾ രണ്ടാം സ്ഥാനം നേടുന്നത്.

സ്കൂളിനെ പ്രതിനിധീകരിച്ച് മുന്നൂറോളം കുട്ടികൾ പങ്കെടുത്ത കലോത്സവത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ 16 സ്കൂളുകളുമായി മത്സരിച്ച് 243 പോയിന്റുകളോടെ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ 22 സ്കൂളുകളോട് മത്സരിച്ച് 163 പോയിന്റുകൾ നേടി മൂന്നാം സ്ഥാനവും യു. പി വിഭാഗത്തിൽ 56 യു.പി. സ്കൂളുകളോട് മത്സരിച്ച് 76 പോയിന്റുകൾ നേടി രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

'ഇതൊരു കൂട്ടായ വിജയമാണ്. മലയോരമേഖലയിലെ ഗ്രാമീണ പശ്ചാത്തലത്തിൽ സ്ഥിതിചെയ്യുന്ന സ്കൂളിലെ കുട്ടികൾ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് മികച്ച പരിശീലനത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമായി ഈ വിജയം നേടിയെടുത്തത്. സ്കൂൾ മാനേജർ ഫാ. ബോബൻ റാത്തപ്പള്ളി പറഞ്ഞു.

വിജയികളെ അനുമോദിച്ചു

അങ്ങാടിക്കടവ് : ഹയർ സെക്കന്ററി വിഭാഗം ഉപജില്ലാ കലോത്സവം, കായികമേള, ശാസ്ത്രമേള, എഡിഎസ്യു കലോത്സവം എന്നിവയിൽ വിജയിച്ചവരെ ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ മുഖ്യാതിഥി ആയ ചടങ്ങ് പേരാവൂർ എംഎൽഎ അഡ്വ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. വിജയാഘോഷങ്ങളുടെ ഭാഗമായി കലാ കായിക ഇനങ്ങളിൽ കുട്ടികളെ പരിശീലിപ്പിച്ചവരെ ആദരിക്കുകയും സേക്രഡ് ഹാർട്ട് സ്കൂൾ മുതൽ അങ്ങാടിക്കടവ് ടൗൺ വരെ കുട്ടികളും അധ്യാപകരും അണിനിരന്ന അനുമോദന ജാഥ നടത്തുകയും ചെയ്തു.

ഡോൺ ബോസ്കോ എൽ പി സ്കൂൾ, കോളിക്കടവ്

ഉപജില്ലാ കലോത്സവത്തിൽ എൽ പി വിഭാഗത്തിൽ 65 പോയിന്റുകളോടെ തുടർച്ചയായി മൂന്നാം തവണയും ഒന്നാം സ്ഥാനം നേടിയ ഡോൺ ബോസ്കോ സ്കൂളിലെ വിജയികളെ അനുമോദിച്ചു.

കോളിക്കടവ് വ്യാപാര വ്യവസായി ഏകോപന സമിതി, ഇ.കെ നായനാർ സ്മാരക വായനശാല, ആരാധനാ കലാവേദി എന്നിവരുടെ നേതൃത്വത്തിലാണ് അനുമോദിച്ചത്. വിജയാഹ്ലാദത്തിന്റെ ഭാഗമായി കോളിക്കടവ് മുതൽ ഇരിട്ടി വരെ വാഹന പ്രചരണ ജാഥ നടത്തി.

എഡിറ്റോറിയൽ

ശിശുസൗഹൃദമായ ദിനങ്ങളുണ്ടാവട്ടെ

നാടിനെ നടുക്കിയ അഞ്ചു വയസ്സുകാരി ചാന്ദിനിയുടെ കൊലപാതക വിധി ഈ ശിശുദിനത്തിൽ പ്രഖ്യാപിക്കാനിരിക്കെ സമൂഹ മനസാക്ഷിയെ ഞെട്ടിക്കുന്ന മറ്റൊരു കുട്ടിയുടെ കൊലപാതകത്തിനു കൂടി കേരളം സാക്ഷിയായിരിക്കുന്നു. ലോകരാഷ്ട്രങ്ങളെ പോലും ആകർഷിക്കാൻ ഉതകുന്ന പുരോഗമനം കേരളം സ്വന്തമാക്കി എന്നു വാദിക്കുമ്പോഴും ഒരു പതിനാലുകാരിയുടെ പ്രണയത്തെ മനസ്സിലാക്കാൻ ശ്രമിക്കാതെ ദുരഭിമാനത്തെ സംരക്ഷിക്കാൻ സ്വന്തം മകളെ കുരുതി കൊടുക്കുന്ന മനസ് അതികഠിനമാണ്. ഇതേ കാഠിന്യമാണ് ഇത്തരം ദുരഭിമാന പ്രവൃത്തികൾ ചെയ്യുന്നവരെ പരസ്യമായി പിന്താങ്ങുന്നവരുടെ മനസിനും. അവരുടെ എണ്ണം വർദ്ധിച്ചുവരുന്നു എന്നത് ഭീതിയുളവാക്കുന്നു.

ബാഹ്യമായുള്ള ആക്രമണമായാലും സ്വന്തം വീട്ടിൽ നിന്നുള്ള ആക്രമണങ്ങളായാലും ബലിയാടാവുന്നത് രാഷ്ട്രത്തിന്റെ ഭാവി വാഗ്ദാനങ്ങളായ കുട്ടികളാണെന്നത് പുരോഗമന സാമൂഹ്യ മനസ്ഥിതി എത്രപരിതാപകരമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ജീവനുള്ള മനുഷ്യനെ ഒരു വ്യക്തിയായി അംഗീകരിക്കാത്ത, അവന്റെ വ്യക്തിസ്വാതന്ത്ര്യത്തെ ബഹുമാനിക്കാത്തിടത്താണ് യഥാർത്ഥ്യത്തിൽ ആത്മാഭിമാനം ഹനിക്കപ്പെടുന്നത്. മാനുഷിക മൂല്യങ്ങൾക്കും വ്യക്തി വളർച്ചയ്ക്കുമപ്പുറം എന്തെങ്കിലും അളവുകോൽ ആത്മാഭിമാനത്തെ നിശ്ചയിക്കുന്നുണ്ടെങ്കിൽ അത് ദുരഭിമാനമാണ്.

ഇത്തരം ദുരഭിമാനങ്ങളെ മാറ്റി നിർത്തി കുട്ടികൾക്കായാലും മുതിർന്നവർക്കായാലും തിരുത്തലുകൾ വേണ്ടിടത്ത് ആരോഗ്യപരമായ തിരുത്തലുകൾ നൽകി ഒന്നിച്ചു വളരുന്നിടത്താണ് മനുഷ്യൻ പൂർണനാകുന്നത്. അത്തരത്തിലൊരു ഭാവി തലമുറയെ വളർത്തിയെടുക്കുന്നതിനു സമൂഹം പ്രാപ്തരാവണം.

- എഡിറ്റർ

ഇവിടെ വാർദ്ധക്യം വർണ്ണാഭമാണ്

പ്രിൻസ് ജോസഫ്

കൈ വിറയ്ക്കുന്നു... ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ചുവന്ന പൂവ് താഴെ വീഴുമെന്ന് കരുതി... ഇല്ല, വീഴും മുമ്പ് വിറയ്ക്കുന്ന കൈകളിലേക്ക് പൂവിനെ ചേർത്ത് കൊടുത്ത് പ്രിയതമൻ ജോർജ്ജ് അരികിലെത്തി. അരികിലുണ്ടെന്നുള്ള ഈ ഉറപ്പിലാണ് എഴുപത്തെട്ടാം വയസ്സിലും റോസമ്മ ജോർജ് പാഴ്വസ്തുക്കൾ കൊണ്ട് വർണവിസ്മയം തീർക്കുന്നത്.

ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കവറുകളും പേപ്പറുകളും ഉപയോഗിച്ച് മനോഹരമായ പൂക്കൾ, കിളിക്കൂട്, രൂപക്കൂട് തുടങ്ങി നിരവധി കരകൗശലവസ്തുക്കളാണ് അങ്ങാടിക്കടവ് നെടുമറ്റത്തിൽ റോസമ്മ ജോർജിന്റെ കരവിരുതിൽ പിറവിയെടുക്കുന്നത്.

പതിമൂന്ന് വർഷമായി സ്ട്രോക്ക് ബാധിച്ച് സംസാരശേഷി നഷ്ടപ്പെട്ടെങ്കിലും ജീവിതത്തിൽ തളരാതെ, പ്രായത്തെ പിന്നിലാക്കി കാഴ്ച്ചക്കാരിൽ കൗതുകമുളവാക്കുകയാണ് ഈ അമ്മ. താൻ ഉണ്ടാക്കിയ കരകൗശല വസ്തുക്കൾ ഉപയോഗിച്ച് അലങ്കരിച്ചിരിക്കുന്ന മുറിയിലെ കിടക്കയിൽ ഇരുന്നുകൊണ്ട് റോസമ്മ ഉണ്ടാക്കുന്ന കരകൗശല വസ്തുക്കൾക്ക് ആവശ്യക്കാരേറെയാണ്.

റോസമ്മ ജോർജ് പാഴ്വസ്തുക്കൾ കൊണ്ട് കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നു

ക്ഷേമം അന്വേഷിക്കുവാനെത്തുന്നവർക്ക് സമ്മാനമായും നൽകാറുണ്ട്.

തയ്യൽ ജോലിയിലും, എംബ്രോയിഡറിയിലും പ്രാവീണ്യം ഉള്ളതിനാൽ മെനഞ്ഞെടുക്കുന്ന കരകൗശല വസ്തുക്കൾക്ക് പ്രത്യേകചന്തമാണ്. കൊച്ചുമക്കളെയും, താൽപര്യമുള്ളവരെയും കരകൗശല വസ്തുക്കൾ ഉണ്ടാക്കാൻ പഠിപ്പിക്കാറുമുണ്ട്. വിരസതയില്ലാതെ വാർദ്ധക്യം വർണകടലാസുകൊണ്ട് അലങ്കരിക്കുന്ന അമ്മയുടേയും അമ്മയോടൊപ്പം നിഴലായികൂടെയുള്ള അപ്പന്റെയും ഈ ലോകത്തെ അഭിമാനത്തോടെയാണ് മക്കൾ നോക്കികാണുന്നത്. 'അമ്മയെ കാണാൻ പോകുന്നത്, വർണ്ണക്കടലാസ് മേടിച്ചുകൊണ്ടാണ്, അതാണ് അമ്മയ്ക്കും നമ്മുക്കും ഇഷ്ടം'. മകൾ ജൈനി ചെറുപുഞ്ചിരിയോടെ പറഞ്ഞു.

വാർത്തയുമായി ബന്ധപ്പെട്ട ഫോട്ടോകളും വീഡിയോകളും കാണാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.

തകരാറിലായി പി.ഒ.എസ്; വലഞ്ഞ് നാട്ടുകാർ

പ്രിൻസ് ജോസഫ്

അങ്ങാടിക്കടവ് വില്ലേജ് ഓഫീസിലെ പി.ഒ.എസ് ഉപകരണം ഒന്നര മാസമായി തകരാറിൽ. സർക്കാർ സ്ഥാപനങ്ങളിൽ സുരക്ഷിതമായി പണമിടപാട് നടത്തുന്നതിന് ഉപയോഗിക്കുന്ന ഉപകരണമാണ് തകരാറിലായത്.

സർക്കാർ സ്ഥാപനങ്ങളിൽ നിയമപരമായി അയിരം രൂപയ്ക്ക് മുകളിൽ പണമായി സ്വീകരിക്കാൻ സാധിക്കാത്തതിനാൽ കെട്ടിട നികുതി, ആഡംബര നികുതി, വസ്തു നികുതി മുതലായവ അടയ്ക്കാൻ വരുന്നവർക്ക് ഇത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

മണി ട്രാൻസ്ഫർ ആപ്പുകൾ ശീലമില്ലാത്തിനാൽ ഭൂരിഭാഗം ആളുകളും പണം അടയ്ക്കുന്നത് പി.ഒ.എസ് ഉപകരണത്തിന്റെ സഹായത്തോടെയാണ്. എന്നാൽ നിലവിലെ സാഹചര്യത്തിൽ അക്ഷയ കേന്ദ്രത്തെ ആശ്രയിക്കേണ്ടി വരുന്നുണ്ട്. ഇത് വില്ലേജിന്റെ പല സേവനങ്ങൾക്കും കാലതാമസം വരുത്തുന്നു. പി.ഒ.എസ് വിതരണം ചെയ്ത ഫെഡറൽ ബാങ്ക് അധികാരികൾക്ക് പരാതി നൽകിയിട്ടും ഉപകരണം മാറ്റി നൽകാനോ റിപ്പയർ ചെയ്യാനോ തയ്യാറാകുന്നില്ല. വില്ലേജ് ഓഫീസർ ജിജു കെ.വി പറഞ്ഞു.

എന്താണ് പി.ഒ.എസ് ?

ഡിജിറ്റൽ ഇക്കണോമിയിലേക്കുള്ള പ്രധാന ചുവടുവെപ്പിന്റെ ഭാഗമാണ് പോയിന്റ് ഓഫ് സെയിൽ (പി.ഒ.എസ്.) മെഷീൻ.

പി.ഒ.എസ് മെഷീനുകൾ ഉപയോഗിച്ച് പണം ഇടപാടുകൾ നടത്തുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കാം.

1.പണം ഇടപാടുകൾ നടത്തിയപ്പോൾ ട്രാൻസാക്ഷൻ തടസപ്പെട്ടെങ്കിൽ ഇടപാട് ക്യാൻസൽ ചെയ്യാൻ മറക്കാതിരിക്കുക.

2.ഇടപാടു നടന്നെങ്കിൽ ട്രാൻസാക്ഷൻ റെസീപ്റ്റ് വാങ്ങാനും എമൗണ്ട് പരിശോധിക്കാനും ഒരു കാരണവശാലും മറക്കരുത്.

3.പി.ഒ.എസ് മെഷിനിൽ എന്റർ ചെയ്യുന്ന പിൻ മറ്റൊരാൾ കാണുന്നില്ല എന്ന് ഉറപ്പു വരുത്തുക. ഒരു കൈ കൊണ്ട് മറച്ചുപിടിച്ച് പിൻ നൽകുന്നതാകും ഉചിതം.

4.ചില പെട്രോൾ പമ്പുകളിൽ വാഹനത്തിൽ ഇരുന്നു കൊണ്ട് കാർഡ് നൽകിയ ശേഷം പിൻ പറഞ്ഞുകൊടുത്ത് ഇടപാടുകൾ നടത്തുന്നത് കാണാറുണ്ട്. അത്തരം കാർഡ് ഇടപാടുകൾ ഒഴിവാക്കണം.

അറിയിപ്പ്

പ്രാഥമിക സഹകരണ സംഘങ്ങൾ ഒഴികെയുള്ള എല്ലാ പൊതുമേഖലാ ബാങ്കുകളിലെയും കേരളാ ബാങ്കിലെയും ലോൺ കുടിശ്ശികക്കാരെ നേരിൽ കണ്ട് കുടിശ്ശിക നിവാരണ അദാലത്ത് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അയ്യൻകുന്ന്, കരിക്കോട്ടക്കരി, ആറളം വില്ലേജിലെ അദാലത്ത് എടൂർ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ രണ്ട് ഹാളുകളിൽ വച്ച് 30/11/2023 രാവിലെ 10:30 ന് ആരംഭിക്കും.

എൻ എസ് എസ് അവാർഡ്; തിളങ്ങി ഡോൺ ബോസ്കോ

അപർണ രമേശ്

- **മികച്ച എൻ എസ് എസ് യൂണിറ്റ് അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജ്**
- **മികച്ച പ്രോഗ്രാം ഓഫീസർ പി. കെ. നിതിൻ കുട്ടൻ**
- **മികച്ച എൻ എസ് എസ് വൊളണ്ടിയർ ശിൽപ്പ പ്രദീപ്**

കണ്ണൂർ സർവകലാശാലയുടെ 2023-25 വർഷത്തെ എൻ എസ് എസ് അവാർഡുകൾ നേടി ഡോൺ ബോസ്കോ ആർട്ട്സ് ആന്റ് സയൻസ് കോളേജ്. സർവകലാശാലയിലെ മികച്ച എൻ എസ് എസ് യൂണിറ്റിനുള്ള അവാർഡ് കോളേജ് നേടിയപ്പോൾ മികച്ച വൊളണ്ടിയറായി മൂന്നാം വർഷ ബി.കോം വിദ്യാർത്ഥിനി ശിൽപ പ്രദീപും മികച്ച പ്രോഗ്രാം ഓഫീസറായി മുൻ ഫിസിക്കൽ എഡ്യുക്കേഷൻ മേധാവി പി. കെ നിതിൻ കുട്ടനും തിരഞ്ഞെടുക്കപ്പെട്ടു.

സർവ്വകലാശാലയുടെ കീഴിലുള്ള 74 യൂണിറ്റുകളിൽ നിന്നാണ് തുടർച്ചയായ 4ാം തവണ മികച്ച യൂണിറ്റിനുള്ള അവാർഡ് ഡോൺബോസ്കോയെ തേടിയെത്തുന്നത്. ഇതിനു മുൻപ് മൂന്ന് തവണ മികച്ച വൊളണ്ടിയർക്കുള്ള അവാർഡും 4 തവണ മികച്ച പ്രോഗ്രാം ഓഫീസർക്കുള്ള അവാർഡും ലഭിച്ചിരുന്നു. ഡോൺ ബോസ്കോ കോളേജിനു കീഴിൽ രണ്ട് എൻ എസ് എസ് യൂണിറ്റുകളാണുള്ളത്. അർഹരായ ആളുകൾക്ക് വീട് നിർമിച്ചു കൊടുക്കുന്ന സ്നേഹവീട് പദ്ധതി, രക്തദാനം, പെരാതിച്ചോറ് വിതരണം, മഴയാത്രകൾ, പൊതുശുചീകരണപ്രവർത്തികൾ, വിവിധതരം ക്യാമ്പുകൾ, ദത്തുഗ്രാമം (ഹസ്ത) തുടങ്ങി നിരവധി പ്രവർത്തനങ്ങളിൽ കോളേജ് യൂണിറ്റുകൾ സജീവ സാന്നിധ്യമാണ്. കണ്ണൂർ സർവകലാശാലയെ പ്രതിനിധീകരിച്ച് ദേശീയ ക്യാമ്പിൽ പങ്കെടുക്കാൻ യൂണിറ്റിലെ മൂന്ന് വിദ്യാർത്ഥികളെ യും മുൻ പ്രോഗ്രാം ഓഫീസർ ഇ. ജിഷ യെയും തിരഞ്ഞെടുത്തിരുന്നു. ജില്ലയിൽ ഏറ്റവും കൂടുതൽ രക്തം ദാനം ചെയ്യുന്ന ഡോൺ ബോസ്കോയുടെ എൻ എസ് എസ് യൂണിറ്റുകൾ ദത്തുഗ്രാമം പരിപാടിയുടെ ഭാഗമായി പഞ്ചായത്തിലെ ആദിവാസി കോളനികളെ തിരഞ്ഞെടുത്ത് അവിടുത്തെ കുട്ടികൾക്ക് വിവിധ തരത്തിലുള്ള പരിശീലനം നൽകുന്നു. നിലവിൽ അഞ്ചു വീടുകൾ നിർമിച്ചു നൽകിയ സ്നേഹവീട് പദ്ധതി വഴി ആറാമത്തെ സ്നേഹവീടിന്റെ നിർമാണം വള്ളിത്തോട് വിളമനയിൽ പുരോഗമിക്കുന്നു.

'തുടർച്ചയായ നാലാം തവണയും മികച്ച എൻ എസ് എസ് യൂണിറ്റായി തിരഞ്ഞെടുക്കാനുള്ള കാരണം പ്രതിവർഷം പത്ത് ലക്ഷം രൂപ മുതൽമുടക്കി നിർമിച്ചു നൽകുന്ന സ്നേഹവീട് പദ്ധതിയാണ്'. ഡോൺ ബോസ്കോ കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട് പറഞ്ഞു.

പത്താമുദയം രജിസ്ട്രേഷൻ ആരംഭിച്ചു

ജോമോൾ ജോർജ്ജ്

അങ്ങാടിക്കടവ്: അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിൽ പത്താംതര തുല്ല്യതാ രജിസ്ട്രേഷൻ ആരംഭിച്ചു. 17 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ള ഏഴാം ക്ലാസ്സിൽ വിജയിച്ചവരും പത്താം ക്ലാസ്സ് പൂർത്തിയാക്കാത്തവരുമായ ഏതു വ്യക്തിക്കും പത്താമുദയം പദ്ധതിയിൽ ചേരാവുന്നതാണ്.

ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൽ നടക്കുന്ന പരിപാടിയിൽ പായം, ആറളം, അയ്യൻകുന്ന് പഞ്ചായത്തുകളിലെ പഠിതാക്കൾക്കാണ് അവസരം ലഭിക്കുക.

'സാധാരണ സ്കൂളുകളിലേതു പോലുള്ള വിദ്യാഭ്യാസവും കലാ-കായിക പരിശീലനവും പഠിതാക്കൾക്കായി ഒരുക്കിയിട്ടുണ്ട്. പ്രഗൽഭരും പ്രവർത്തന പരിചയമുള്ളവരുമായ റിട്ട. അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്ന ഈ പദ്ധതി ഏവർക്കും ഉപയോഗപ്രദമാകും'. അയ്യൻകുന്ന് സാക്ഷരതാ പ്രേരക് മേരിക്കുട്ടി സെബാസ്റ്റ്യൻ പറഞ്ഞു.

എൻ.ഐ.എൽ.പി. ഉദ്ഘാടനം നടത്തി

ജോമോൾ ജോർജ്ജ്

അങ്ങാടിക്കടവ്: അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ പഞ്ചായത്തുതല എൻ.ഐ.എൽ.പി. (ന്യൂ ഇൻഡ്യ ലിട്രസി പ്രോഗ്രാം) ഉദ്ഘാടനവും ഇൻസ്ട്രക്ടർ പരിശീലനവും നടത്തി.

രാജ്യത്തിലേയും സംസ്ഥാനത്തിലേയും നിരക്ഷരത ഇല്ലാതാക്കുക, എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്നീ ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാർ സംയോജിച്ച് രൂപീകരിച്ച പദ്ധതിയാണ് ന്യൂ ഇൻഡ്യ ലിട്രസി പ്രോഗ്രാം.

പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ച മീറ്റിംഗിൽ എൻ.ഐ.എൽ.പി. കോർഡിനേറ്റർ ഒമ്പത് ഇൻസ്ട്രക്ടർമാർക്ക് ക്ലാസ്സുകൾ എടുത്തു. ആരോഗ്യ-വിദ്യാഭ്യാസ ചെയർപേഴ്സൺ സിന്ധു ബെന്നി, സാക്ഷരതാ പ്രേരക് മേരിക്കുട്ടി സെബാസ്റ്റ്യൻ, മെമ്പർമാരായ ജോസ് എ.വൺ, ബിജോയ് പ്ലാത്തോട്ടത്തിൽ, സെലീന ബിനോയി എന്നിവർ പങ്കെടുത്തു.

'ഷി ക്യാമ്പെയിൻ' സംഘടിപ്പിച്ചു

അപർണ രമേശ്

കേരള സംസ്ഥാന ആയുഷ് ഹോമിയോപ്പതി വകുപ്പിന്റെ 50 ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന ഷി ക്യാമ്പെയിൻ (സസ്റ്റയിനബിൾ ഹെൽത്ത് എൻഹാൻസ്മെന്റ് ക്യാമ്പെയിൻ) അയ്യൻകുന്ന് പഞ്ചായത്തിൽ സംഘടിപ്പിച്ചു.

ഒരു വർഷം നീണ്ടുനിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഹോമിയോപ്പതി വകുപ്പിന്റെ നേതൃത്വത്തിൽ ഹരിത കർമ്മ സേനാ അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ എന്നിവരുടെ ആരോഗ്യം മുൻനിർത്തി നടത്തുന്ന പരിപാടിയാണ് ഷി ക്യാമ്പെയിൻ.

പഞ്ചായത്തിലെ വാണിയപ്പാറ ഹോമിയോപ്പതി ആശുപത്രി നടത്തിയ പരിപാടി പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോ. നസീമ സലീമിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസും വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പും നടത്തി.

എഡിറ്റോറിയൽ ടീം: ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് | എഡിറ്റർ ഇൻ ചാർജ്: അപർണ രമേശ് |സബ് എഡിറ്റേഴ്സ്: ജോമോൾ ജോർജ്ജ്, പ്രിൻസ് ജോസഫ്, ഫോട്ടോഗ്രാഫേഴ്സ് : ജോമോൾ ജോർജ്ജ്, അപർണ രമേശ്, പ്രിൻസ് ജോസഫ് | ഡിസൈൻ: പ്രിൻസ് ജോസഫ്, ജോമോൾ ജോർജ്ജ് |